**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കുള്ള പ്രത്യേക പദ്ധതി- വിവിധ പ്രവൃത്തികൾക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്**

**സ.ഉ (സാധാ) നം. 8691/2015/ധന തീയതി, തിരുവനന്തപുരം, 01.10.2015**

---

സൂചന: 1. 30.03.2013 ലെ സ.ഉ(പി) നം. 144/2013/ധന ഉത്തരവ്

2. സർക്കുലർ നം. 43/2014/ധന തീയതി: 17.05.2014

3. 20.06.2014 ലെ സ.ഉ.(പി) നം. 233/2014/ധന ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശികമായി ആവശ്യമുള്ള ചെറുകിട പ്രവൃത്തികൾ തദ്ദേശതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കുവാനുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ പരാമർശം (1) പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷത്തെ (2015-16) ബജറ്റിൽ 5 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

ഈ പദ്ധതിയിലുയുൾപ്പെടുത്തി അനുവദിക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് സൂപ്രണ്ടിംഗ്/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സമർപ്പിച്ച പ്രവൃത്തി നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന പ്രവൃത്തികൾ പ്രാദേശിക മുൻഗണനാ പദ്ധതിയിലുൾപ്പെടുത്തി പരാമർശം (1) ലെ നിബന്ധനകൾക്കു വിധേയമായി നടപ്പാക്കുന്നതിന് അതാത് ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി സെക്രട്ടറിമാരെ ചുമതലപ്പെടുത്തുവാനും ബജറ്റിൽ '4515-00-800-97-പ്രാദേശികമായ മുൻഗണനാപ്രവൃത്തി (നോൺ പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും താഴെച്ചേർക്കുന്ന പ്രവൃത്തികൾക്ക് തുക അനുവദിച്ചും ഉത്തരവാകുന്നു.

പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പരാമർശം (3) പ്രകാരം ബിൽ തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സ്വീകരിക്കേണ്ടതാണ്.

| നം. | പ്രവൃത്തി | ഗ്രാമപഞ്ചായത്ത് /മുൻസിപ്പാലിറ്റി | അംഗീകരിച്ച തുക (രൂപയിൽ) |
|---|---|---|---|
| **എറണാകുളം ജില്ല** | | | |
| 1 | വാർഡ് 8, ഫാത്തിമ മാതാ റോഡ് റീ ടാറിംഗ് | പിറവം ഗ്രാമപഞ്ചായത്ത് | 4,00,000 |
| 2 | തേക്കുംകാട്ടിൽത്താഴം വള്ളിയംകമല റോഡ് | ഇത്താട്ടുകളം ഗ്രാമപഞ്ചായത്ത് | 3,00,000 |
| 3 | ചാലപ്പുറത്ത്പടി- നെടിച്ചാമുകൾ ബൈ റോഡ് നവീകരണം വാർഡ് 12 | മണീട് ഗ്രാമപഞ്ചായത്ത് | 4,00,000 |

| | | | |
|---|---|---|---|
| 4 | വാർഡ് നം 4, ചെമ്പമല ചോറ്റാനിത്താഴം റോഡ് കോൺക്രീറ്റിംഗ് | ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | 4,00,000 |
| 5 | വർഡ് നം 10, പള്ളിത്താഴം പുൽപ്ര റോഡ് കോൺക്രീറ്റിംഗ് | തിരുമാറാടി ഗ്രാമപഞ്ചായത്ത് | 4,00,000 |
| 6 | വാർഡ് നം 8,10 പൊറ്റെക്കാട്ടിൽ റോഡ് ഒന്നാം ലെയർ മെറ്റലിംഗ് | ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് | 4,00,000 |
| **പാലക്കാട് ജില്ല** | | | |
| 1 | മിനുക്കപാടം മാന്തോണി പൂഞ്ചോല കനാൽ റോഡ് - വാർഡ് 5 | കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് | 5,00,000 |
| 2 | കൃഷിഭവൻ- ചെമ്പനരികിൽ എസ് സി കോളനി റോഡ് | തൃക്കടീരി ഗ്രാമപഞ്ചായത്ത് | 5,00,000 |
| 3 | പാലക്കുഴി- ടി.സി.എ- കൽക്കുഴി മല റോഡ് | കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 3,00,000 |
| 4 | കൊല്ലംകോട് - മേലേ കുറവമ്പാടി റോഡ് | ഷോളയൂർ ഗ്രാമപഞ്ചായത്ത് | 5,00,000 |
| 5 | കല്ലിങ്കൽപ്പാടം കർലോട് റോഡ് | കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | 5,00,000 |

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**എസ്.വി. കല**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്:**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ &ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. സൂപ്രണ്ടിംഗ്/എക്സിക്യൂട്ടീവ് എഞ്ചിനീയർ/തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം
5. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം/പാലക്കാട്
6. നോഡൽ ഓഫീസർ, www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Sreekumar K

**സെക്ഷൻ ഓഫീസർ**